പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 454 — 01.12. 2015 ൽ മറുപടിക്ക്

## ഓൺലൈൻ പേയ്മെന്റ്

ചോദ്യം — ഉത്തരം

ശ്രീ. കെ.ശിവദാസൻ നായർ — ശ്രീ. ആര്യാടൻ മുഹമ്മദ്

"പി.എ.മാധവൻ — (ഊർജ്ജ വകുപ്പ് മന്ത്രി)

"ടി.എൻ.പ്രതാപൻ

" സണ്ണി ജോസഫ്

| | |
|---|---|
| (എ) വൈദ്യുതി ചാർജ്ജ് ഓൺലൈനിൽ അടയ്ക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കെ.എസ്.ഇ.ബി.യുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൌകര്യമാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. കൂടാതെ സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്റ്റ് നെറ്റ് ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയം തന്നെ ഉപഭോക്താക്കൾ നൽകിയ മൊബൈൽ നമ്പരിലോ, ഇ-മെയിൽ വിലാസത്തിലോ ലഭിക്കുന്നതാണ്. ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഓൺലൈൻ സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൺസ്യൂമർ നമ്പരിലേയും പണം അടയ്ക്കാനുള്ള ബില്ലുകൾ തിരഞ്ഞെടുത്ത് അവ ഓൺലൈനായി |

| | |
|---|---|
| | അടയ്ക്കുന്നതിനും കഴിയും. കൂടാതെ ഈ സംവിധാനത്തിൽ മുൻ കാലങ്ങളിലുള്ള വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ, പണമടച്ചതിന്റെ വിവരങ്ങൾ, വൈദ്യുതി ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും അറിയാൻ കഴിയും. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും, പരാതികൾ പരിഹരിക്കുന്നതിനുമുള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. 1912 അഥവാ 0471 2555544 എന്ന ടെലഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ടി ചെയ്യേണ്ട കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് ചെയർമാൻ നേരിട്ട് തന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം രണ്ടു തവണ വിളിച്ചു ചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ